**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2977** **07-10-2025 - ൽ മറുപടിയ്ക്ക്**

**ദേശീയ - സംസ്ഥാന പാതയോരങ്ങളിൽ മരങ്ങൾ നട്ടു പിടിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ മാത്യു ടി. തോമസ്** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | സാമൂഹിക വനവത്ക്കരണത്തിന്റെ ഭാഗമായി ദേശീയ - സംസ്ഥാന പാതയോരങ്ങളിൽ മരങ്ങൾ നട്ടുപിടിപ്പിക്കാൻ ഒരു പ്രത്യേക പദ്ധതി നടപ്പാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | സാമൂഹിക വനവത്ക്കരണത്തിന്റെ ഭാഗമായി മുൻകാലങ്ങളിൽ "വഴിയോര തണൽ പദ്ധതി" എന്ന പേരിൽ ദേശീയ-സംസ്ഥാന പാതയോരങ്ങളിൽ മരങ്ങൾ നട്ടുപിടിപ്പിച്ചിരുന്നു. എന്നാൽ ടി പദ്ധതി ഇപ്പോൾ നിലവിലില്ല. GO (Rt.) No. 316/2025/വനം തീയതി 05.08.2025 പ്രകാരം സാമൂഹ്യ വനവത്കരണ വിഭാഗത്തിന്റെ നൂതന പദ്ധതികൾ ഉൾക്കൊള്ളിച്ച് "കൽപ്പതരു" എന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ദേശീയ സംസ്ഥാന പാതയോരങ്ങളിലെ ലഭ്യമായ സ്ഥലങ്ങളിൽ മരങ്ങൾ നട്ടുപിടിപ്പിക്കുന്നതിന് ടി പദ്ധതിയുടെ കീഴിൽ അർബൻ ഫോറസ്ട്രി, പരിഹാര വൃക്ഷവത്കരണം എന്നീ പ്രവർത്തികൾക്കും സർക്കാർ അനുമതി നൽകിയിട്ടുള്ളതാണ് |
| (ബി) | ഇത്തരം പദ്ധതികൾ നടപ്പാക്കുമ്പോൾ ആറ് മാസത്തിൽ ഒരിക്കൽ അവ അവലോകനം ചെയ്യുന്നതിനും കൃത്യമായി നിരീക്ഷിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | 05.08.2025 തീയതിയിലെ GO (Rt.) No. 316/2025/ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം കൽപ്പതരു പദ്ധതിയുടെ നടത്തിപ്പ് നിരീക്ഷിക്കുന്നതിനും, വിലയിരുത്തുന്നതിനും സാമൂഹ്യ വനവത്കരണ വിഭാഗത്തിലെ വിവിധ തലങ്ങളിലുള്ള ഉദ്യോഗസ്ഥരെ നിയോഗിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ